BZ/TP/8423/23 തീയ്യതി.08/05/2024

## ജോയിൻറ് ഡയറക്ടറുടെ ജില്ലാ അദാലത്ത് സമിതിയുടെ യോഗത്തിലേയ്ക്കുള്ള റിപ്പോർട്ട്

കോഴിക്കോട് നഗരസഭ ബേപ്പൂർ അംശം, നടുവട്ടം ദേശം, വാർഡ് നമ്പർ 8, റീ സർവേ 16/1, 16/3. **1** ഏക്കർ **34** സെന്റ് സ്ഥലത്ത് നിലവിലുള്ള കെട്ടിടത്തിൽ 20 HP മോട്ടോർ സ്ഥാപിക്കുന്നതിനുള്ള അനുമതിയ്ക്കായി ഹർജിക്കാരൻ 13/10/2022 ൽ അപേക്ഷ നൽകിയിരുന്നു. ഭൂമിയുടെ തരം നഞ്ചയാകുന്നു. BL 345/1993-94 Dated 18/04/95 പ്രകാരം Building with installation of 10 HP file motor oil extractor and 10HPmotor for pug mill സ്ഥാപിക്കുന്നതിനായി അനുമതി ലഭ്യമാക്കിയതായി കാണുന്നു. എന്നാൽ ഒക്യുപൻസി ലഭിച്ച കോപ്പി ഫയലിൽ ലഭ്യമല്ല. എന്നാൽ നഗരസഭയുടെ K SMART സോഫ്റ്റ്‌വെയർ പ്രകാരം 53/622 നമ്പർ കെട്ടിടം പ്രവീഷ് കുമാർ എന്നവരുടെ പേരിലുള്ള 65.49 m2 വാണിജ്യ കെട്ടിടം എന്നാകുന്നു.

ഹർജിക്കാരൻ 09/09/2000 തീയ്യതിയിൽ അയച്ച രജിസ്ട്രേഡ് കത്തിൽ C3/660/98 Dated 17/03/99 നമ്പറായി ഒരു അഡീഷണൽ പ്ലാനും 20 HP കൂട്ടി കിട്ടാനും അപേക്ഷകൾ സമർപ്പിച്ചതായി പറയുന്നുണ്ടെങ്കിലും ആയത് ഈ ഫയലിൽ ലഭ്യമായിട്ടില്ല.

കക്ഷി BZ/TP/9491/19 നമ്പർ പ്രകാരം ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദാലത്തിൽ നിലവിലുള്ള വാണിജ്യകെട്ടിടത്തിൽ നിന്നും വ്യവസായ ഗണത്തിലേയ്ക്ക് മാറ്റുന്നതിനും അതോടൊപ്പം പ്രസ്തുത കെട്ടിടത്തിൽ 20 HP മോട്ടോർ സ്ഥാപിക്കുന്നതിനുമായി അപേക്ഷ സമർപ്പിച്ചിരുന്നു. കക്ഷിയുടെ അപേക്ഷ പ്രകാരമുള്ള കെട്ടിടം നിലനിൽക്കുന്ന സ്ഥലം നഞ്ചയായതിനാൽ 2008 തണ്ണീർതട നിയമം 27 A (6) പ്രകാരം 5 സെന്റ് സ്ഥലത്ത് 40 m2 വരെ വാണിജ്യകെട്ടിടങ്ങൾക്കും, 10 സെന്റ് ഭൂമിയിൽ 120 m2 വാസഗൃഹങ്ങൾക്കും അനുമതി നൽകാനെ നിർവാഹമുള്ളൂവെന്നതിനാൽ ഭൂമിയുടെ തരം മാറ്റാൻ അപേക്ഷ RDO യ്ക്ക് നൽകുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി. അപ്രകാരം ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തിയാൽ മാത്രമേ ടി അപേക്ഷ പരിഗണിക്കുന്നതിന് സാധിക്കുകയുള്ളൂ എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

KOZHIKODE MUNICIPAL CORPORATION ★ KOZHIKODE ★

സെക്രട്ടറി
കോഴിക്കോട് നഗരസഭ
Secretary
Kozhikode Municipal Corporation